പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2782 18/06/2018-ൽ മറുപടിക്ക്

എയ്ഡഡ് സ്കൂളിലെ ജീവനക്കാരുടെ നിയമനാംഗീകാരം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി.സി. ജോർജ്: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) 2016 ജൂണിൽ എയ്ഡഡ് സ്കൂളിൽ ജോയിൻ ചെയ്ത ജീവനക്കാരുടെ നിയമനാംഗീകാരം സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കും നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി നടത്തിയിട്ടുള്ള നിയമനങ്ങൾ ഏതു വർഷത്തേതാണെങ്കിലും അവ അംഗീകരിക്കുന്നതിന് തടസ്സങ്ങൾ ഒന്നുമില്ല. 2016 ജൂണിലെ നിയമനങ്ങൾക്കും ഇതു ബാധകമാണ്. എന്നാൽ കെ.ഇ.ആർ ഭേദഗതി ചെയ്തു കൊണ്ട് പുറപ്പെടുവിച്ച ജി.ഒ (പി) നം. 199/2016/പൊവിവ തീയതി 3-12-16 ബഹു. ഹൈക്കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയും, 2016-17 വർഷത്തെ, ഈ ഉത്തരവുമായി ബന്ധപ്പെട്ട നിയമനം, നിയമനാംഗീകാരം പുനർവിന്യാസം എന്നിവ സംബന്ധിച്ച് status quo നില നിർത്താൻ ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവായിട്ടുമുണ്ട്. കോടതിയുടെ അന്തിമ ഉത്തരവായതിനു ശേഷം മാത്രമേ ഇത്തരം കേസുകളിൽ നിയമനാംഗീകാരം സംബന്ധിച്ച് തീരുമാനമെടുക്കാനാകു. |
| (ബി) കെ.ഇ.ആർ ഭേദഗതിയ്ക്ക് മുൻകാല പ്രാബല്യം നൽകിയ 29/2016-ലെ ഉത്തരവിൽ എവിടെയെങ്കിലും പുതിയ സ്കൂളിലെ എല്ലാ തസ്തികയിലും സംരക്ഷിതക്കാരെ നിയമിക്കണമെന്ന് പറയുന്നുണ്ടോ; വ്യക്തമാക്കാമോ?. | (ബി) 03/12/2016-ലെ ജി.ഒ (പി) നം. 199/2016/ പൊവിവ പ്രകാരം ഭേദഗതി ചെയ്യപ്പെട്ട കെ.ഇ.ആർ അദ്ധ്യായം XXI, ചട്ടം 7 (3) ലാണ് പുതുതായി ഉണ്ടായതോ ഉയർത്തപ്പെട്ടതോ ആയ സ്കൂളുകളിലെ എല്ലാ ഒഴിവുകളിലും സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നത്. ഇതിന് 29/01/2016 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ